International Year of Cooperatives

RCS/13616/2025-AEL(1)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ
ഡി.പി.ഐ ജംഗ്ഷൻ
തിരുവനന്തപുരം-695014
Website: cooperation.kerala.gov.in
Email: keralarcs.coop@kerala.gov.in
Tel: 0471-2330825

തീയതി: 28-11-2025

## <u>സർക്കുലർ നമ്പർ 44/2025</u>

വിഷയം: സഹകരണ വകുപ്പ് - ആർബിട്രേഷൻ സർക്കുലറിൽ വ്യക്തത വരുത്തുന്നത് സംബന്ധിച്ച്

സൂചന: സഹകരണ സംഘം രജിസ്ട്രാറുടെ 22-10-2025 ലെ 36/2025 നമ്പർ സർക്കുലർ

ആർബിട്രേഷനുമായി ബന്ധപ്പെട്ട് സൂചന പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള 36/2025 നമ്പർ സർക്കുലറിലെ പേജ് നമ്പർ 8 ൽ "ആർബിട്രേഷൻ ഫയൽ നമ്പർ ഇട്ട് കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച് " എന്ന തലക്കെട്ടിനു കീഴിൽ 'സഹകരണ സംഘം രജിസ്ട്രാർ/അഡീഷണൽ രജിസ്ട്രാർ മുൻപാകെ ഫയൽ ചെയ്യപ്പെടുന്ന അന്യായങ്ങൾ ജോയിന്റ് രജിസ്ട്രാർ തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥനും, ജോയിന്റ് രജിസ്ട്രാർ മുൻപാകെ സമർപ്പിക്കപ്പെടുന്ന അന്യായങ്ങൾ അസിസ്റ്റന്റ് രജിസ്ട്രാർ തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥനും, അസിസ്റ്റന്റ് രജിസ്ട്രാർ മുൻപാകെ ഫയൽ ചെയ്യപ്പെടുന്ന അന്യായങ്ങൾ ജൂനിയർ ഇൻസ്പെക്ടർ തസ്തികയിൽ കുറയാത്ത ഉദ്യോഗസ്ഥനും മാത്രമേ റെഫർ ചെയ്യാൻ പാടുള്ളു' എന്ന നിർദേശം നൽകിയിരുന്നു. എന്നാൽ, ചില സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത നിർദേശം നടപ്പിലാക്കുന്നതിനു ബുദ്ധിമുട്ട് നേരിടുന്നതായി പരാതികൾ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ, സ്പെഷ്യൽ സെയിൽ ഓഫീസർ/ആർബിട്രേറ്റർമാരെ നിയമിക്കപ്പെട്ടിട്ടുള്ള സംഘങ്ങളെ സംബന്ധിച്ച ആർബിട്രേഷൻ/എക്സിക്യൂഷൻ അപേക്ഷകൾ ഏതു ഓഫീസിൽ ഫയൽ ചെയ്തിരുന്നാലും ആയവ പ്രസ്തുത സംഘങ്ങളിലെ സ്പെഷ്യൽ സെയിൽ ഓഫീസർ/ആർബിട്രേറ്റർ മാർക്ക്

റെഫർ ചെയ്യേണ്ടതാണ് എന്ന് ഭേദഗതി വരുത്തി ഇതിനാൽ നിർദേശം പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ.ഡി. സജിത് ബാബു ഐ.എ.എസ്
**സഹകരണ സംഘം രജിസ്ട്രാർ**

പകർപ്പ്

1. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
2. സഹകരണ ആഡിറ്റ് ഡയറക്ടർ
3. സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ എല്ലാ ആഫീസർമാർക്കും
4. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
5. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
   **(ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)**
7. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
   **(ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)**
8. സ്റ്റോക്ക് ഫയൽ
9. സഹകരണ വീഥി
10. വെബ് സൈറ്റ്
11. പ്രസിദ്ധീകരണത്തിന് (പബ്ലിക്ക് റിലേഷൻസ് ആഫീസർക്ക്)
12. സ്പെയർ

//ആജ്ഞാനുസരണം//

Signed by Ajayakumar N
Date: 29-11-2025 13:19:49
അസിസ്റ്റന്റ് രജിസ്ട്രാർ(സി.എൽ.റ്റി)